Reg. No. : ....................................

Name : ..........................................

**S-2262**

**SECOND YEAR HIGHER SECONDARY**
**SAY / IMPROVEMENT EXAMINATION, JUNE – 2023**

Part – II

Time : $2\frac{1}{2}$ Hours

**മലയാളം**

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

**(Hearing Impaired)**

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമേ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**
**1 സ്കോർ വീതം.** **(6 × 1 = 6)**

1. ഗബ്രിയേൽ ഗാർസിയ മാർക്വെസ് എന്ന എഴുത്തുകാരന് യോജിക്കുന്നത് ഏത് ?
   (മാജിക്കൽ റിയലിസം, ചലച്ചിത്ര സംവിധായകൻ, റൊമാന്റിസിസം)

2. 'അവകാശങ്ങളുടെ പ്രശ്നം' എന്ന ചെറുകഥയിലെ പ്രധാന കഥാപാത്രം ആര് ?
   (ശ്രീധരൻ, പുലിക്കോട്ടിൽ ഹൈദർ, ദിവാകരൻ)

3. 'ഭൈമി' എന്നറിയപ്പെടുന്നത് ആര് ?
   (കേശിനി, ദമയന്തി, ശകുന്തള)

4. കലാമണ്ഡലം ഹൈദരലിയുടെ ആത്മകഥ ഏത് ?
(മഞ്ജുതരം, കഴിഞ്ഞ കാലം, എന്റെ കഥ)

5. 'ശീലാവതി ചരിതം' ഓട്ടൻ തുള്ളലിന്റെ കർത്താവാര് ?
(കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി, പൂന്താനം)

6. 'ഗൗളി ജന്മം' എന്ന ചെറുകഥയുടെ രചയിതാവ് ആര് ?
(ഗ്രേസി, ചന്ദ്രമതി, മാധവിക്കുട്ടി)

**ശരിയോ തെറ്റോ എന്നെഴുതുക. 1 സ്കോർ വീതം.** **(2 × 1 = 2)**

7. മലയാളത്തിലെ ആദ്യത്തെ സൈബർ നോവലാണ് 'നൃത്തം'.

8. കേരളത്തിന്റെ തെക്കേയറ്റത്തുള്ള ഗ്രാമമാണ് മാനാപാസ്.

**ചേരുംപടി ചേർക്കുക. 1 സ്കോർ വീതം.** **(5 × 1 = 5)**

9. മഹാഭാരതം കിളിപ്പാട്ട് – എം.പി. വീരേന്ദ്രകുമാർ

10. തേങ്ങ – പുലിക്കോട്ടിൽ ഹൈദർ

11. മറിയക്കുട്ടിയുടെ കത്ത് – കടമ്മനിട്ട രാമകൃഷ്ണൻ

12. ഹൈമവതഭൂവിൽ – ചെറിയാൻ.കെ. ചെറിയാൻ

13. കിരാതവൃത്തം – എഴുത്തച്ഛൻ

14. ചുവടെ കൊടുത്തിരിക്കുന്ന കഥാപാത്രങ്ങൾ ഏത് പാഠഭാഗത്തിലേതാണെന്ന് കണ്ടെത്തി എഴുതുക. 1 സ്കോർ വീതം. **(5 × 1 = 5)**

| | | |
|---|---|---|
| കേവലരാമൻ | സി.പി. ആന്റണി | രാജഗുരു |
| നമ്പീശനാശാൻ | വിദൂഷകൻ | കിശോരലാൽ |
| ശിവരാമനാശാൻ | കൊത്തുവാൾ | |
| | ചിന്താരാമൻ | |

അഗ്നിവർണന്റെ കാലുകൾ

- 
- 
- 
- 
- 

**താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് ഉചിതമായവ തെരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക. 1 സ്കോർ വീതം. (6 × 1 = 6)**

15. (ഭാരതരത്നം, തുഴവള്ളം, സച്ചിൻ ടെണ്ടുൽക്കർ, ജോവൽ, സ്പോർട്സ് ഫീച്ചർ, മാഡ്രിഡ്)

| പ്രകാശം ജലം പോലെയാണ് | വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ |
|---|---|
| • | • |
| • | • |
| • | • |

തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എഴുതുക. 2 സ്കോർ വീതം. **(2 × 2 = 4)**

അറിവുകളും വിവരങ്ങളും തൽസമയം നമുക്കു ലഭിക്കുന്നതിനും അവയോട് പ്രതികരിച്ചും അല്ലാതെയും സ്വതന്ത്രാവിഷ്കാരങ്ങൾ നടത്തുന്നതിനുമുള്ള സൈബർ ഇടമാണ് നവമാധ്യമങ്ങൾ. എണ്ണം കൊണ്ടും വളർച്ചാനിരക്കുകൊണ്ടും ഫേസ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, യൂട്യൂബ് എന്നിവ ഇന്ന് ലോകത്തിലെ പ്രബല നവമാധ്യമങ്ങളാണ്. വാർത്തകൾ ഉത്ഭവിക്കുന്ന ഇടത്തുനിന്നുതന്നെ തൽക്ഷണം സൈബർലോകത്ത് എത്തിക്കുവാൻ ഈ മാധ്യമങ്ങൾക്ക് ഇന്ന് കഴിയുന്നുണ്ട്. നിരന്തര സംവാദങ്ങൾ, അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ എന്നിവയെല്ലാം ഒഴിവാക്കാനാകാത്ത മാധ്യമരൂപമാക്കിമാറ്റാൻ ഇതിലൂടെ കഴിയുന്നുണ്ട്. അതുകൊണ്ടാകാം സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ 'ഫിഫ്ത്ത് എസ്റ്റേറ്റ്' എന്ന് വിളിക്കുന്നത്.

16. നമുക്ക് സ്വതന്ത്രാവിഷ്കാരങ്ങൾ നടത്തുന്നതിനുള്ള സൈബർ ഇടങ്ങളാണ് ________.

17. സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ വിളിക്കുന്ന മറ്റൊരു പേരെന്ത് ?

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 4 സ്കോർ വീതം. (3 × 4 = 12)**

18. 'തലയിൽ തേങ്ങ വീണാൽ ചിരിക്കരുത് ' എന്ന ഗുണപാഠം ഫലിതത്തിന് ആധാരമാകുന്നതെങ്ങനെ ? കുറിപ്പെഴുതുക.

19. മുതിർന്നവരുടെ ലോകത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ് കുട്ടികളുടെ ലോകം – 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ ഏതെങ്കിലും ഒരു സന്ദർഭം എഴുതുക.

20. പ്രതിസന്ധികളെ അതി ജീവിച്ചത് കൊണ്ടാണ് ഹൈദരലിക്ക് പ്രശസ്തനാകാൻ കഴിഞ്ഞത്. ഈ പ്രസ്താവനയോട് യോജിക്കുന്ന ഒരു സന്ദർഭം പാഠഭാഗത്ത് നിന്ന് കണ്ടെത്തി എഴുതുക.

21. ബദരിയും പരിസരങ്ങളും എന്ന യാത്രാവിവരണ ഭാഗത്ത് പരാമർശിക്കുന്ന 'സൂര്യകുണ്ഡി' നെ ക്കുറിച്ച് ലഘു കുറിപ്പെഴുതുക.

DITTO WS

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം. (3 × 6 = 18)**

22. കേശിനിയുടെ വാക്കുകളിൽ നിന്ന് ബാഹുകൻ നളൻ തന്നെയാണെന്ന നിഗമനത്തിലേക്ക് ദമയന്തി എത്തിച്ചേർന്നതെങ്ങനെ ? വിശദമാക്കുക.

23. മരിച്ചവരുടെ ഫോട്ടോ മാത്രം വിൽക്കുന്ന തെരുവായിരുന്നു അത് (അവകാശങ്ങളുടെ പ്രശ്നം) ദിവാകരൻ കണ്ട തെരുവിന്റെ പ്രത്യേകതകൾ എന്തായിരുന്നു. കുറിപ്പെഴുതുക.

24. നീറായ വനത്തിൻ നടുവിൽ നിന്നും വനമൂർച്ഛയിലേയ്ക്ക് പ്രവഹിക്കാൻ നിൽക്കുന്ന കാട്ടാളനെയാണ് 'കിരാതവൃത്തം' എന്ന കവിതയിൽ കാണാൻ കഴിയുന്നത്. വിശകലനക്കുറിപ്പ് തയാറാക്കുക.

25. വേദനകൾ മാത്രം അനുഭവിച്ച് കഴിയുന്നവളാണ് 'കൊള്ളിവാക്കല്ലാതൊന്നും' എന്ന പാഠഭാഗത്തിലെ ശീലാവതി – കഥാപാത്രനിരൂപണം തയാറാക്കുക.

26. ഇ–മെയിലുകൾ ലഭിച്ചുതുടങ്ങിയതോടെ ശ്രീധരന്റെ (കൈയൊപ്പില്ലാത്ത സന്ദേശം) ജീവിതത്തിലും സ്വഭാവത്തിലും ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെ ? കുറിപ്പ് തയാറാക്കുക.

27. താഴെ തന്നിരിക്കുന്ന സൂചനകളിൽ നിന്ന് 'മാപ്പിളപ്പാട്ടിലെ കേരളീയത' എന്ന പാഠഭാഗത്തിന് യോജിക്കുന്ന മൂന്ന് സവിശേഷതകൾ എടുത്തെഴുതുക. **2** സ്കോർ വീതം. **(3 × 2 = 6)**

- അറബി മലയാളത്തിലെ നാട്ടുമൊഴിക്കാരൻ
- മുഹ്യുദ്ദീൻ മാലയുടെ രചയിതാവ്
- സ്ത്രീകളുടെ നൊമ്പരം പ്രധാന വിഷയമാക്കി
- സംസ്കൃത പദങ്ങൾക്ക് പ്രാധാന്യം കൊടുത്തു.
- കത്തുപാട്ടുകൾക്ക് പ്രാധാന്യം നൽകി

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

28. 'അടിച്ചുതളിക്കാരി' എന്ന കഥാപാത്രത്തിന്റെ രംഗപ്രവേശത്തോടെ 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിന് കൈവരുന്ന സാമൂഹിക മാനം ചർച്ചചെയ്ത് ഉപന്യാസം തയാറാക്കുക.
    - അടിസ്ഥാന വർഗ്ഗത്തിന്റെ പ്രതിനിധിയാണ്
    - സമൂഹത്തിൽ മാറ്റം വരുത്തുവാൻ സാധാരണക്കാർക്ക് കഴിയും.

29. 'ഗൗളിജന്മം' എന്ന കഥയിലൂടെ ഗ്രേസി അവതരിപ്പിക്കുന്ന സാമൂഹിക വിമർശനതലം എന്ത് ? കഥ വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.
    - ചികിത്സാ രംഗത്തെ പിഴവ്
    - സമൂഹത്തിൽ സ്ത്രീകളുടെ അവസ്ഥ

30. 'വിണ്ണിൽ നിന്നശരീരി തന്നുടെ വാക്യം കേട്ടു' (കണ്ണാടി കാൺമോളവും) – ഈ അശരീരിവാക്യം കഥാഗതിയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്. പാഠഭാഗം വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.
    - ദുഷ്യന്തന് ശകുന്തളയോടുള്ള സമീപനം